➪ ഇടതുപക്ഷം തന്നെയാണ് ഈ കുതന്ത്രങ്ങളുടെ അമരത്ത് പങ്കായം പിടിച്ചത് ➪

പശ്ചിമഘട്ട സംരക്ഷണം:
സംവാദം തുടരുന്നു...

**തെരഞ്ഞെടുപ്പ്** അടുക്കുമ്പോൾ സജീവമാകുന്ന രാഷ്ട്രീയ സംവാദങ്ങളിലും വാഗ്വാദങ്ങളുടെ തെരുവുഗോദകളിലും പതിവായി ഉയരാറുള്ള വിഷയങ്ങൾക്ക് ചില പൊതുസ്വഭാവങ്ങൾ സാധാരണമാണ്. വികസനത്തിൽ ചുറ്റിത്തിരിയുന്ന ചർച്ചകളാകും അതിലേറെയും. വികസനം വന്നതിന്റെയും വരാതെപോയതിന്റെയും കണക്കെടുപ്പുകൾ. വളർച്ചയുടെ വ്യവസ്ഥാപിത ഗ്രാഫുകളിൽ കുരുങ്ങുന്ന വർത്തമാനങ്ങൾ. വികസനത്തിന് ഒരിടവേള നൽകിക്കൊണ്ട് ആം ആദ്മി 'സാധാരണക്കാരൻ' എന്ന സംജ്ഞയെക്കൂടി തെരഞ്ഞെടുപ്പ് പദാവലികളിലേക്ക് വിളക്കിച്ചേർത്തു. ഇത്തവണ ആകെയുള്ള മാറ്റം അതുമാത്രമെങ്കിലും കേരളത്തിലെ തെരഞ്ഞെടുപ്പ് ചൂടിനെ കൂടുതൽ ആളിക്കത്തിച്ചുകൊണ്ട് പതിവില്ലാത്ത മറ്റൊരു വിഷയം ചർച്ചകളിൽ നിറഞ്ഞുനിന്നു - ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ. ഒരുപക്ഷെ മണ്ഡൽ

# പശ്ചിമഘട്ട സംരക്ഷണം തെരഞ്ഞെടുപ്പ് അഭ്യാസമായപ്പോൾ

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ ഏറെക്കാലമായി തുടരുന്ന കോലാഹലങ്ങൾ ഒടുവിൽ തെരഞ്ഞെടുപ്പിന്റെ കളിക്കളത്തിലെ കേവലമൊരു കാൽപന്തായി മാറുകയും പശ്ചിമഘട്ട സംരക്ഷണം എന്ന ലക്ഷ്യം പൂർണ്ണമായും അട്ടിമറിക്കപ്പെടുകയും ചെയ്തിരിക്കുന്നു. വ്യവസ്ഥാപിത രാഷ്ട്രീയത്തിന്റെയും മതമേധാവിത്വത്തിന്റെയും ഇരയായിത്തീർന്ന പശ്ചിമഘട്ടം നമുക്ക് മുന്നിൽ അവശേഷിപ്പിക്കുന്ന ചോദ്യങ്ങളെന്തെല്ലാമാണ്?

**കേരളീയം ഡസ്ക്**

കമ്മീഷൻ റിപ്പോർട്ടുണ്ടാക്കിയ രാഷ്ട്രീയ ഇളക്കങ്ങളെപ്പോലും പിന്നിലാക്കും വിധമുള്ള പ്രസരണോർജ്ജം ഗാഡ്ഗിൽ-കസ്തൂരിരംഗൻ ചർച്ചകൾ കേരളത്തിന്റെ തെരഞ്ഞടുപ്പ് മണ്ഡലത്തിൽ സൃഷ്ടിച്ചു. ഏറെക്കാലം മുമ്പ് തുടങ്ങിയ കോലാഹലങ്ങൾ കൊട്ടിക്കലാശത്തിനുള്ള ഒരു ഫൈനൽ റൗണ്ടായി പരിഗണിച്ചത് തെരഞ്ഞെടുപ്പ് ഗോദകളെയായിരുന്നു. അതോടെ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളോടുള്ള നിലപാട് രാഷ്ട്രീയപാർട്ടികളുടെ പ്രചരണായുധങ്ങളിലെ മൂർച്ചയേറിയ ഇനമായി മാറി. ഇരുറിപ്പോർട്ടുകളോടും വിരുദ്ധ നിലപാട് സ്വീകരിക്കാതെ അഭിമുഖീകരിക്കാൻ കഴിയാത്ത ഒന്നായി ഇവിടെ ഇലക്ഷൻ പ്രചരണം മാറ്റപ്പെട്ടു. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ കക്ഷികളെല്ലാം ഗാഡ്ഗിൽ റിപ്പോർട്ട് തള്ളിക്കളഞ്ഞിട്ടുള്ളതിനാൽ കസ്തൂരിരംഗനെ കേന്ദ്രീകരിച്ചായിരുന്നു രാഷ്ട്രീയ കുതന്ത്രങ്ങൾ ഏറെയും പിറവികൊണ്ടത്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെ മലയോര ഗ്രാമങ്ങളിലുണ്ടായ പ്രതിഷേധങ്ങളെ തങ്ങളുടെ അക്കൗണ്ടിലേക്ക് കൂട്ടിക്കെട്ടാൻ ശ്രമിച്ച ഇടതുപക്ഷം തന്നെയാണ് ഈ കുതന്ത്രങ്ങളുടെ അമരത്ത് പങ്കായം പിടിച്ചത്.

കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചയുടൻ 2013 നവംബർ 18ന് സംസ്ഥാന വ്യാപകമായി ഹർത്താൽ നടത്തിക്കൊണ്ടായിരുന്നു ഇടതുപക്ഷത്തിന്റെ പ്രത്യക്ഷ രംഗപ്രവേശം. അതുവരെ സഭാപുരോഹിതരുടെയും ഹൈറേഞ്ച്




**സി.പി.എം സഭയോടൊപ്പം ചേർന്നതോടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഇളവു വരുത്തുന്നതിനോ തള്ളിക്കളയുന്നതിനോ മാർഗ്ഗമുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ട് കേരള സർക്കാറും കേന്ദ്രത്തിന് മേൽ സമ്മർദ്ദം ചെലുത്താൻ തുടങ്ങി**

സംരക്ഷണ സമിതി പോലെയുള്ള മലയോര കർഷക സംഘടനകളുടെയും മുൻകൈയിൽ മാത്രം നടന്നിരുന്ന സമരങ്ങൾക്ക് അവരുടെ സ്വന്തം പാർട്ടിയായ മാണി കോൺഗ്രസിന്റെ പോലും വ്യക്തമായ പിന്തുണയുണ്ടായിരുന്നില്ല. എന്നാൽ റിപ്പോർട്ടുകളെക്കുറിച്ചുള്ള ആശങ്കകളാൽ കേരളത്തിന്റെ പല ജില്ലകളിലും മലയോര കർഷകർ സംഘടിതരാകാൻ തുടങ്ങുകയും കത്തോലിക്കാസഭ പോലെ കെട്ടുറപ്പുള്ള സ്ഥാപനങ്ങൾ ജനവികാരത്തെ സ്വരൂപിക്കുകയും ചെയ്തതോടെയാണ് ചർച്ചകളുടെ മാനം മാറിയത്. ഇടയലേഖനങ്ങളിറക്കി സഭ വിഷയം വിശ്വാസികളുടെ രാഷ്ട്രീയ പ്രശ്നമാക്കി മാറ്റി. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കായി നിലകൊള്ളുന്നവരെ അടുത്ത തെരഞ്ഞെടുപ്പിൽ സംഘടിതമായി നേരിടുമെന്ന ഒരു വാചകം ഇടുക്കി-കാഞ്ഞിരപ്പിള്ളി രൂപതകൾ ഇറക്കിയ ഇടയലേഖനത്തിലുണ്ടായിരുന്നു എന്ന് ഓർക്കണം. തുടർന്ന് തെരഞ്ഞെടുപ്പിൽ കാണാം എന്നത് സഭാപുരോഹിതരുടെ വാക്കുകളിലെ പതിവുപല്ലവിയായി മാറി. സർക്കാറിനെ താഴെയിറക്കാൻ പോലും ശേഷിയുള്ള വിമോചനസമരത്തിന്റെ പഴയ പടക്കോപ്പുകൾ അരമനകളിൽ അരം പോകാതെ ഇരുപ്പുണ്ടെന്നറിഞ്ഞ് രാഷ്ട്രീയപാർട്ടികൾ ഒന്നടങ്കം ഞെട്ടി.

തത്വത്തെയും എതിർ തത്വത്തെയും വിശകലനം ചെയ്ത് സത്യം കണ്ടെത്തേണ്ട ഭൗതികവാദികളായ മാർക്സിസ്റ്റുകൾ, ജനങ്ങളെ അവർക്കുണ്ടായ സന്ദേഹത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് കത്തോലിക്കാസഭയുടെ പടയോട്ടത്തിന് മുന്നിൽ ആദ്യം തന്നെ കീഴടങ്ങി. ലോകത്താദ്യമായി ബാലറ്റിലൂടെ അധികാരത്തിലെത്തിയ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പൊളിച്ചടുക്കാൻ ഏറെ പാടുപെട്ടത് ഇതേ സഭാ നേതൃത്വമാണെന്ന് മറക്കാൻ കഴിയും വിധം വോട്ടുബാങ്കിന് മുന്നിൽ സി.പി.എം പൊറുക്കാൻ പഠിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ചാൽ വിശ്വാസ സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്ന് കരുതി സന്ദേഹിച്ച കുഞ്ഞാടുകളുടെ ആശങ്കയെ സഭ ഇളക്കിവിട്ടതിന്റെ സംഘടിതരൂപമായിരുന്നു വിമോചനസമരം. ഭൂവുടമസ്ഥതാ ബന്ധങ്ങളിൽ സമഗ്ര പരിഷ്കരണം വരുന്ന ബില്ലും വിദ്യാഭ്യാസ ബില്ലും പള്ളിക്കാർക്ക് അതിലേറെ ക്ഷീണമായി. അവിശ്വാസികളായ കമ്മ്യൂണിസ്റ്റുകാർ വന്നാൽ കുഴപ്പമാകുമെന്ന വിശ്വാസികളുടെ വൈകാരിക പ്രശ്നത്തെ മുന്നിൽ നിർത്തി അധികാരവ്യവസ്ഥയെ തങ്ങളുടെ നിയന്ത്രണത്തിൽ നിർത്തണമെന്ന് ആഗ്രഹിച്ച മതമേധാവിമാർ ജനാധിപത്യത്തെ കശാപ്പുചെയ്തു. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുള്ള സഭാപുറപ്പാടിലും അധികാര മേൽക്കോയ്മ നഷ്ടമാകുമെന്ന ഇതേ ഭയം തന്നെയാണ് പ്രതിഫലിക്കുന്നത്. എന്നാൽ അന്ന് ഇരയായിരുന്ന കമ്മ്യൂണിസ്റ്റു പാർട്ടി ഇന്ന് പള്ളിമേടകളിൽ കയറിയിറങ്ങി പിതാക്കന്മാരുടെ കൈമുത്തുന്നതോളമെത്തിയിരിക്കുന്നു കാര്യങ്ങൾ. ക്ഷമയാണ് ഏറ്റവും വലിയ പ്രാർത്ഥന എന്ന് ബുദ്ധൻ പറഞ്ഞിട്ടുണ്ട്. എന്നാൽ കത്തോലിക്കാ-കമ്മ്യൂണിസ്റ്റുസഭകൾ പരസ്പരം ക്ഷമിക്കുന്നതിന് പിന്നിലെ താത്പര്യം അധികാരസംരക്ഷണമാണെന്നത് ഇവിടെ സുവ്യക്തമാണ്. കുഞ്ഞാട് വിശ്വാസിയോ സഖാവോ ആകട്ടെ, കാര്യങ്ങൾ തങ്ങളുടെ വരുതിയിലാകണമെന്ന് മാത്രം.

തുടർന്നിങ്ങോട്ട് ഗാഡ്ഗിൽ-കസ്തൂരി വിരുദ്ധ സമരങ്ങളിൽ ഇടതുപക്ഷം സഭയ്ക്ക് തുണയായിത്തീർന്നു. ഗത്യന്തരമില്ലാതെ കോൺഗ്രസ് കുഴങ്ങി. യു.പി.എ സർക്കാർ നിയോഗിച്ച സമിതികളാണെന്നത് മാത്രമായി

രുന്നു അവർക്ക് പ്രതികൂലമായിത്തീർന്ന കാര്യം. അല്ലാതെ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടോ പശ്ചിമഘട്ട സംരക്ഷണമോ തങ്ങൾക്ക് നിർബന്ധമുള്ളതല്ല എന്ന കാര്യം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സി.പി.എം സഭയോടൊപ്പം ചേർന്നതോടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഇളവുവരുത്തുന്നതിനോ തള്ളിക്കളയുന്നതിനോ മാർഗ്ഗമുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ട് കേരള സർക്കാറും കേന്ദ്രത്തിന് മേൽ സമ്മർദ്ദം ചെലുത്താൻ തുടങ്ങാൻ. കേന്ദ്ര മന്ത്രിമാരെയെല്ലാം നേരിൽ കണ്ട് കേരളത്തിന്റെ ആശങ്കയറിയിക്കാൻ മുഖ്യമന്ത്രി പലതവണ ഡൽഹിയിലേക്ക് വിമാനം കയറി. കർഷകരുടെ ആശങ്കയേക്കാൾ കോൺഗ്രസിനെ ത്രിശങ്കുവിലാക്കിയത് ഇടതുപക്ഷം ഇക്കാര്യത്തിലുണ്ടാക്കിയ രാഷ്ട്രീയ നേട്ടമായിരുന്നു. തെരഞ്ഞെടുപ്പ് അടുത്തുകൊണ്ടിരുന്നതോടെ രാഹുൽഗാന്ധി വരെ ഇടപെടുന്ന തരത്തിലേക്ക് കോൺഗ്രസിന്റെ ദേശീയ തലവേദനയായി വിഷയം മാറി. ജയന്തി നടരാജൻ പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും മാറി, പകരം വീരപ്പമൊയ്ലി വന്നതോടെയാണ് കേരളത്തിന്റെ സ്വാധീന ശ്രമങ്ങൾക്ക് കുറച്ചുകൂടി പരിഗണന കിട്ടിയത്. കാലാവധി കഴിയും മുമ്പ് പാർട്ടിക്ക് ഗുണകരമാകുന്ന പലതും ചെയ്യുന്നതിനുള്ള രാഷ്ട്രീയ നിയമനമായിരുന്നു വീരപ്പമൊയ്ലിയുടെ പരിസ്ഥിതി മന്ത്രിസ്ഥാനമെന്നത് ഈ വിഷയത്തിലും വ്യക്തമായി.

## അട്ടിമറികളുടെ നാൾവഴികൾ

2010 മാർച്ചിലാണ് അന്നത്തെ വനം പരിസ്ഥിതി മന്ത്രിയായിരുന്ന ജയറാം രമേശ്, പശ്ചിമഘട്ട സംരക്ഷണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ ആഭിമുഖ്യത്തിൽ ഒരു വിദഗ്ധ സമിതി നിയോഗിക്കുന്നത്. എന്നാൽ 2011 ആഗസ്റ്റ് 31 ന് ഗാഡ്ഗിൽ സമിതി റിപ്പോർട്ട് സമർപ്പിക്കുമ്പോഴേക്കും ജയറാം രമേശിനെ പരിസ്ഥിതി മന്ത്രാലയത്തിന്റെ ചുമതലയിൽ നിന്നും മാറ്റിയിരുന്നു എന്നതാണ് റിപ്പോർട്ടിനേറ്റ ആദ്യത്തെ തിരിച്ചടി. തുടർന്നുവന്ന മന്ത്രി ജയന്തി നടരാജൻ പ്രസ്തുത വിഷയത്തിൽ ഒട്ടും തത്പരയായിരുന്നില്ല. മാത്രമല്ല പശ്ചിമഘട്ടം കാർന്നെടുക്കുന്ന ഖനിലോബികളുടെ സമ്മർദ്ദത്തിന് വഴങ്ങും വിധം പരിസ്ഥിതി മന്ത്രാലയത്തിലെ സ്ഥിതിഗതികൾ മാറിമറിഞ്ഞു. അതോടെ സമർപ്പിക്കപ്പെട്ട ഗാഡ്ഗിൽ റിപ്പോർട്ട് ഒരു രഹസ്യരേഖയായി മാറി. പൊതുജനങ്ങൾക്ക് മുന്നിൽ റിപ്പോർട്ട് ചർച്ചയ്ക്ക് വയ്ക്കാൻ പോലും മന്ത്രാലയം മടിച്ചു. വിയോജിപ്പുള്ള ഗ്രൂപ്പുകൾക്ക് മാത്രം റിപ്പോർട്ട് നൽകിക്കൊണ്ട് അവരുടെ എതിർപ്പ് സ്വരൂപിക്കാനുള്ള ശ്രമമാണ് പരിസ്ഥിതി മന്ത്രാലയം നടത്തിയത്. വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടവർക്ക് പോലും റിപ്പോർട്ട് നൽകാൻ മന്ത്രാലയം തയ്യാറായില്ല. കേന്ദ്ര വിവരാവകാശ കമ്മീഷന്റെ ഉത്തരവ് പോലും പാലിക്കാതിരുന്ന മന്ത്രാലയം ഒടുവിൽ കോടതിയുടെ രൂക്ഷവിമർശനത്തെ തുടർന്ന് മാത്രമാണ് ഗാഡ്ഗിൽ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയത്. പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾക്കായി അനുവദിച്ചത് 45 ദിവസങ്ങൾ മാത്രവും. റിപ്പോർട്ട് സമർപ്പിക്കപ്പെട്ടതിന് ശേഷം മന്ത്രാലയത്തിന്റെ ഭാഗത്ത് നിന്നുമുണ്ടായ ഇത്തരം ഇടപെടലുകൾ ഗാഡ്ഗിൽ റിപ്പോർട്ട് അട്ടിമറിക്കപ്പെടുന്നതിനായി ഉന്നതങ്ങളിൽ നടന്ന ഗൂഢാലോചന വ്യക്തമാക്കുന്ന തെളിവുകളാണ്.

വിശദമായ ചർച്ചകൾക്ക് ശേഷം (ഗ്രാമസഭകളിൽ വരെ) നടപ്പിലാക്കേണ്ട വിധത്തിലായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ട് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നതെങ്കിലും അത്തരത്തിലുള്ള ചർച്ചകൾ അതാത് സംസ്ഥാന സർക്കാറുകളുടെ മുൻകൈയിൽ നടത്തുന്നതിന് പരിസ്ഥിതി മന്ത്രാലയം വിമുഖതകാണിച്ചു. പകരം, സംസ്ഥാന സർക്കാറുകളും ഒരു വിഭാഗം ജനങ്ങളും ഉന്നയിച്ച ആശങ്കളെ മാത്രം വിലയ്ക്കെടുത്ത് കെ. കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയെ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ശുപാർശകളെ വിലയിരുത്തുന്നതിനായി മന്ത്രാലയം നിയോഗിക്കുകയായിരുന്നു. ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകളെ തത്വത്തിൽ അംഗീകരിച്ചതായി പറയുകയും ടേംസ് ഓഫ് റഫറൻസിൽ നിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരു റിപ്പോർട്ട് മുന്നോട്ട് വയ്ക്കുകയുമാണ് കസ്തൂരിരംഗൻ സമിതി ചെയ്തത്.

## ഇ.എസ്.എയുടെ ദാരുണാന്ത്യം

ഒരു പ്രദേശത്തിന്റെ വഹനശേഷിയും ഭൂഘടനയും പരിഗണിച്ചുകൊണ്ട് ജൈവപരിസ്ഥിതിക്ക് അനുഗുണമായ വികസനപ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കാം എന്ന സങ്കൽപ്പത്തെ വിശദമാക്കാൻ ശ്രമിച്ച (ഇ.എസ്.എ) ഗാഡ്ഗിൽ റിപ്പോർട്ടിനെ പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ വിസ്തീർണ്ണത്തിൽ കുറവ് വരുത്തണമെന്ന കേവല വികസനവാദ സമീപനത്തിൽ നിന്നുകൊണ്ട് തിരുത്തിയെഴുതാനാണ് കസ്തൂരിരംഗൻ ശ്രമിച്ചത്. വിക



സന പ്രവർത്തനങ്ങളുടെ പേരിൽ പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ ചുറ്റളവ് കുറയ്ക്കുക എന്ന അടിസ്ഥാനപരമായ പിഴവിൽ നിന്നുതന്നെയാണ് തുടർ ചർച്ചകളെല്ലാം മുന്നോട്ട് പോയത്. ഇന്നും പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും പല പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനായി നടക്കുന്ന കസർത്തുകൾ (ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി ഉൾപ്പെടെ) ആ പിഴവിനെ 'ശാസ്ത്രീയ' വത്കരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. പാരിസ്ഥിതിക ഘടകങ്ങൾ ഉൾച്ചേർന്ന വികസനാസൂത്രണ പ്രക്രിയ എങ്ങനെയാകണം എന്ന് തീരുമാനക്കാൻ കഴിയുന്ന ഇ.എസ്.എ സങ്കൽപ്പത്തെ, കുറച്ച് സ്ഥലം വികസത്തിനും ബാക്കി സ്ഥലം സംരക്ഷണത്തിനും എന്ന പരമ്പരാഗത കുറ്റിയിൽ കെട്ടിനിർത്തുകയാണ് ഇപ്പോൾ നടക്കുന്ന ചർച്ചകൾ.

'പരിസ്ഥിതിക്കോ ജൈവബന്ധങ്ങൾക്കോ ഭൂപ്രദേശത്തിന്റെ ഘടനയ്ക്കോ വഹനശേഷിക്കോ വികസനപ്രക്രിയയിൽ യാതൊരുപങ്കുമില്ല എന്ന തത്സ്ഥിതി തുടരും' എന്നാണ് കസ്തൂരിരംഗൻ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചതിലൂടെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രസ്താവിച്ചിരിക്കുന്നത്. പാരിസ്ഥിതികമായി ലോലമായ ഒരു പ്രദേശത്താണ് തങ്ങൾ അധിവസിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ്, സാമൂഹികമായ ചില കരുതലുകൾ ജനങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ഉൾച്ചേർക്കുക എന്ന ഇ.എസ്.എയുടെ ഉദ്ദേശം തന്നെ അട്ടിമറിക്കപ്പെട്ടു. തദ്ദേശീയരുടെ പങ്കാളിത്തത്തോടെ പരിസ്ഥിതി സംരക്ഷണത്തിന് എന്തുചെയ്യാം എന്ന ആസൂത്രണ പ്രക്രിയയാണ് ഇ.എസ്.എ ആയി പ്രഖ്യാപിക്കപ്പെടുന്ന പ്രദേശത്ത് നടത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ പലയിടങ്ങളിലും അത്തരത്തിൽ ഇ.എസ്.എകൾ പ്രവർത്തിക്കുന്നുമുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള മാസ്റ്റർപ്ലാനുകൾ അവയ്ക്കുണ്ട്. കാര്യങ്ങൾ സുഗമമായി പോകുന്നുമുണ്ട്. അവയെല്ലാം ഉദാഹരണമായെടുത്തുകൊണ്ടുള്ള ഒരു രീതിശാസ്ത്രമാണ് ഗാഡ്ഗിൽ റിപ്പോർട്ട് ഇ.എസ്.എകൾക്കായി മുന്നോട്ട് വച്ചത്. പരിസ്ഥിതി സംരക്ഷണ-അവലോകന-ഭരണനിർവ്വഹണ പ്രവർത്തനങ്ങളിൽ പരമാവധി ജനപങ്കാളിത്തം എന്ന് ഗാഡ്ഗിൽ റിപ്പോർട്ട് ആവർത്തിച്ച് പറയുന്നുമുണ്ട്. മഹരാഷ്ട്രയിലെ ഒരു ഇ.എസ്.എ ആയ ദഹാനൂ താലൂക്കിൽ, ഇ.എസ്.എ ആസൂത്രണ പ്രക്രിയ എങ്ങനെയാണ് ജനപങ്കാളിത്തത്തോടെ നടന്നതെന്നും എന്തെല്ലാം വെല്ലുവിളികളാണ് അതിനനുബന്ധമായി നേരിടേണ്ടി വന്നതെന്നും ഗാഡ്ഗിൽ റിപ്പോർട്ട് വിശദമാക്കുന്നുണ്ട്. കാര്യങ്ങൾ അത്രത്തോളം സ്പഷ്ടമാക്കിയിട്ടും ഇ.എസ്.എയുടെ അന്തഃസത്തയെന്താണെന്ന് മനസ്സിലാക്കാൻ പോലും ശ്രമിക്കാതെ വാളെടുക്കുന്ന സമീപനമാണ് കേരളം സ്വീകരിച്ചത്. സംസ്ഥാന സർക്കാർ തന്നെയാണ് അതിന് ചുക്കാൻ പിടിച്ചത്.

കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ പരാതികൾ ഉയർന്നയുടൻ 123 വില്ലേജുകളിൽ നിന്നും പരമാവധി വില്ലേജുകളെ ഒഴിവാക്കിയെടുക്കുമെന്നാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രസ്താവിച്ചത്. കരട് വിജ്ഞാപനം വന്നപ്പോൾ, ജനവാസകേന്ദ്രങ്ങളും കൃഷി സ്ഥല

ങ്ങളുമെല്ലാം ഇ.എസ്.എയിൽ നിന്നും ഒഴിവായതുകൊണ്ട് ഇനി പേടിക്കേണ്ടതില്ല എന്നുപറഞ്ഞ് അദ്ദേഹം ആശ്വാസം കൊള്ളുകയും ചെയ്യുന്നു. ഇ.എസ്.എ എന്താണെന്ന് ജനങ്ങൾക്കുള്ള അജ്ഞതയേക്കാൾ ഗൗരവമുള്ളതാണ് ഭരണാധികാരികൾക്കുള്ള ഈ അജ്ഞത.

**രണ്ട് ഉമ്മന്മാരുടെ ഓപ്പറേഷനുകൾ**

പരിസ്ഥിതി ലോല മേഖലകൾ പുനർനിർണ്ണയിക്കുന്നതിൽ ഓരോ സംസ്ഥാനങ്ങൾക്കും അനുമതി വേണമെന്നാണ് കേരളം വാദിച്ചുകൊണ്ടിരുന്നത്. വാസസ്ഥലങ്ങളെയും കൃഷിഭൂമിയേയും തോട്ടങ്ങളെയും ഒഴിവാക്കുക എന്നതാണ് പുനർനിർണ്ണയം എന്നതിലൂടെ കേരളം ഉദ്ദേശിച്ചത്. അതുതന്നെയാണ് ഒടുവിൽ നടപ്പിലായതും. കസ്തൂരിരംഗൻ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചുകൊണ്ടുള്ള 2013 നവംബർ 13ലെ വിജ്ഞാപനത്തെ തുടർന്ന് നവംബർ 16ന് ഇറങ്ങിയ ഓഫീസ് മെമ്മോറാണ്ടം കസ്തൂരിരംഗൻ കമ്മിറ്റി ഇ.എസ്.എകൾ നിശ്ചയിച്ച രീതിയേയും അതിർത്തി നിർണ്ണയത്തെയും അംഗീകരിക്കുകയാണ് ചെയ്തത്. കേരളത്തിന്റെ സമ്മർദ്ദത്തെ തുടർന്നാണ്, സംസ്ഥാന സർക്കാറുകൾക്ക് ഇ.എസ്.എയുടെ അതിരുകൾ ഭേദഗതി ചെയ്യാം എന്ന് തിരുത്തിക്കൊണ്ട് 2013 ഡിസംബർ 20ന് വീണ്ടും ഓഫീസ് മെമ്മൊറാണ്ടം ഇറങ്ങുന്നത്.

ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കാൻ കേരള സർക്കാർ ഒരവസരം നോക്കിനിൽക്കുകയായിരുന്നു. തൊട്ടടുത്ത ദിവസമായ 2013 ഡിസംബർ 21ന് തന്നെ ഇ.എസ്.എയുടെ അതിരുകൾ നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധനാ കമ്മിറ്റികൾ രൂപീകരിക്കണമെന്ന സർക്കാർ ഉത്തരവ് പുറത്തിറങ്ങി. നിർദ്ദിഷ്ട പ്രദേശങ്ങൾ നേരിട്ട് സന്ദർശിച്ച്, പരിശോധന നടത്തി ജനാധിവാസ/കൃഷി/തോട്ടഭൂമി ഒഴിവാക്കി ഇ.എസ്.എ പ്രദേശങ്ങൾ നിർണ്ണയിക്കാവുന്നതാണെന്ന് ആ ഉത്തരവിൽ പറയുന്നുണ്ട്. ഇ.എസ്.എ എന്നത് ഭൂമിശാസ്ത്രപരമായി പ്രത്യേകമായി വേർതിരിച്ചറിയാവുന്ന പ്രദേശമാകണമെന്നും അല്ലെങ്കിൽ വാർഡ്/സർവ്വെ നമ്പർ തലത്തിൽ വേർതിരിച്ചറിയാവുന്ന വിധം നിർണ്ണയിക്കണമെന്നും ഉത്തരവ് പറയുന്നു. 1977 ജനുവരി ഒന്നിന് മുമ്പ് (കുടിയേറ്റങ്ങൾക്ക് പട്ടയം നൽകാൻ നിശ്ചയിച്ച സമയപരിധി) കയ്യേറിയ പ്രദേശങ്ങളെ ഇ.എസ്.എയിൽ നിന്നും ഒഴിവാക്കണമെന്നുകൂടി ഉത്തരവിലുണ്ട്. കേരള സർക്കാറിന്റെ ഉദ്ദേശങ്ങൾ വ്യക്തമാക്കുന്ന ഒരു ഉത്തരവാണിത്. എന്നാൽ ഈ ഉത്തരവിറങ്ങുന്നതിനും വളരെ മുമ്പുതന്നെ, 2013 ഒക്ടോബർ 29ന് ഇ.എസ്.എകൾ പുനർനിർണ്ണയിക്കണമെന്ന ജനങ്ങളുടെ ആവശ്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിന് ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് സർക്കാർ ഈ പ്രക്രിയ തുടങ്ങിവച്ചിരുന്നു. അന്ന് ഇ.എസ്.എ സംസ്ഥാനങ്ങൾക്ക് പുനർനിർണ്ണയിക്കാം എന്ന കേന്ദ്ര മന്ത്രാലയത്തിന്റെ ഉത്തരവ് പോലും ഇറങ്ങിയിട്ടുണ്ടായിരുന്നില്ല.

സമൂഹത്തിലെ വിവിധ തട്ടുകളിലുള്ളവർ സമർപ്പിച്ച നിർദ്ദേശങ്ങൾ ഉമ്മൻ കമ്മിറ്റി തങ്ങളുടെ റിപ്പോർട്ടിൽ ഉൾച്ചേർത്തിട്ടുണ്ട്. അതിൽ കേരളത്തിലെ ജനപ്രതിനിധികളുടെ പക്ഷത്ത് നിന്നുണ്ടായ ഒരു നിർദ്ദേശം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇ.എസ്.എയിലെ പ്രവർത്തനങ്ങൾക്കെല്ലാം ഗ്രാമസഭയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വേണമെന്ന ശുപാർശ അംഗീകരിക്കാൻ കഴിയില്ല എന്നതാണ് ആ നിർദ്ദേശം

ജനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടായ പ്രതിഷേധങ്ങളെ കണക്കിലെടുത്ത് അവരുടെ പരാതികൾ നേരിൽ കേൾക്കുന്നതിനായി ഒരു സമിതിയെ നിയോഗിക്കുക എന്നത് തീർച്ചയായും ഒരു ജനാധിപത്യമര്യാദ തന്നെയാണ്. എന്നാൽ ജനകീയ തെളിവെടുപ്പിന് ശേഷം ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി നൽകിയ ശുപാർശകൾ പശ്ചിമഘട്ട മേഖലയിൽ വികസനം മുരടിക്കാൻ പാടില്ല എന്ന സർക്കാറിന്റെ നയസമീപനത്തിൽ തന്നെയാണ് ചുറ്റിത്തിരിയുന്നത്. പരിസ്ഥിതി സംരക്ഷണത്തിന് നിലവിലെ സംവിധാനങ്ങൾ തന്നെ ധാരാളമാണെന്നും റിപ്പോർട്ട് പറഞ്ഞുവയ്ക്കുന്നുണ്ട്. ദേവാലയങ്ങൾക്ക് പ്രത്യേക പരിഗണന നൽകി നിരോധനത്തിൽ നിന്നും ഒഴിവാക്കണമെന്ന് പോലും ഉമ്മൻ കമ്മിറ്റി നിർദ്ദേശിക്കുന്നുണ്ട്. സമൂഹത്തിലെ വിവിധ തട്ടുകളിലുള്ളവർ സമർപ്പിച്ച നിർദ്ദേശങ്ങൾ ഉമ്മൻ കമ്മിറ്റി തങ്ങളുടെ റിപ്പോർട്ടിൽ ഉൾച്ചേർത്തിട്ടുണ്ട്. അതിൽ കേരളത്തിലെ ജനപ്രതിനിധികളുടെ പക്ഷത്ത് നിന്നുണ്ടായ ഒരു നിർദ്ദേശം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇ.എസ്.എയിലെ പ്രവർത്തനങ്ങൾക്കെല്ലാം ഗ്രാമസഭയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വേണ



മെന്ന ശുപാർശ അംഗീകരിക്കാൻ കഴിയില്ല എന്നതാണ് ആ നിർദ്ദേശം. ഗ്രാമസഭകളോടും ജനങ്ങളോടുമുള്ള ജനപ്രതിനിധകളുടെ സമീപനമാണ് ഇത് വ്യക്തമാക്കുന്നത്. ജനങ്ങൾക്ക് അധികാരം ലഭിക്കുന്നതിനെ ജനപ്രതിനിധികൾ ഭയക്കുന്നു. അതാണ് ഇന്ത്യയിലെ മഹത്തായ ജനാധിപത്യം!. ആ പരിമിതിക്കിടയിൽ പഴുതുണ്ടാക്കാൻ ശ്രമിച്ചു എന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പരാജയം.

**തെരഞ്ഞെടുപ്പ് തെരഞ്ഞുപിടച്ച് കൊന്നു**

ലോകസഭാ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം കൂടി വന്നതോട ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരുന്ന  ഇ.എസ്.എ സങ്കൽപ്പത്തിന്റെ മരണം കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ സ്ഥിരീകരിച്ചു. ഒരാളുടെ വീടുപോലും പരിസ്ഥിതി ദുർബല പ്രദേശത്ത് വരാതെ നോക്കുന്ന വിധത്തിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് ഉറപ്പിച്ച് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയടക്കമുള്ള കേരള ടീം കേന്ദ്രത്തിൽ കറങ്ങി നടന്നു. വോട്ടുബാങ്കുകൾ ചോരാതിരിക്കാനുള്ള സമർപ്പണോത്സുകത ഓരോ മുഖങ്ങളിലും പ്രത്യക്ഷമായിരുന്നു. ഇത്രയും ശക്തമായ ഒരു സമ്മർദ്ദം ചരിത്രത്തിലൊരിക്കലും കേരളം കേന്ദ്രത്തിൽ ചെലുത്തിയിട്ടുണ്ടാകില്ല. (പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ കാര്യത്തിൽ ഈ കർമ്മോത്സുകതയുടെ ഒരു ശതമാനമെങ്കിലും കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ കാണിച്ചിരുന്നെങ്കിൽ കൊക്കക്കോള എന്നേ നഷ്ടം പരിഹാരം നൽകി നാടുവിടുമായിരുന്നു). വിജ്ഞാപനമിറക്കുന്നതിൽ ചട്ടം ലംഘനമില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനും ശരിവച്ചതോടെ കാര്യങ്ങൾ സുഗമമായി നടന്നു. കേരളത്തിന്റെ ആവശ്യങ്ങൾ അണുവിട വ്യത്യാസമില്ലാത്ത വിധം പരിഗണിച്ചുകൊണ്ട് ഒരു കരടുവിജ്ഞാപനം ഒടുവിൽ ഇറങ്ങി. ഇതേ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് മാർച്ച് നാലിന് ഒരു ഓഫീസ് മെമ്മോറാണ്ടം പരിസ്ഥിതി മന്ത്രാലയം പുറത്തുവിട്ടിരുന്നു. എന്നാൽ സർക്കാർ ഉത്തരവിന് തുല്യമായ ഓഫീസ് മെമ്മോറാണ്ടത്തിന് മറ്റൊരു മെമ്മോറാണ്ടത്തിലൂടെ ഭേദഗതി വരുത്താം എന്നതിനാൽ കേരള കോൺഗ്രസും സഭയും അതിൽ തൃപ്തരായില്ല. ഉടൻ സർക്കാർ പ്രതിനിധികൾ കരട് വിജ്ഞാപനം തന്നെ വേണമെന്ന് സമ്മർദ്ദം ചെലുത്തുകയും ഒടുവിൽ അത് നേടിയെടുക്കുകയും ചെയ്തു.

**ലോറേഞ്ചിലേക്ക് വീണ സി.പി.എം**

അങ്ങനെ ഏറെ നീക്കങ്ങൾക്ക് ശേഷം ഇഞ്ചുറി ടൈമിൽ പന്ത് ഇടതിന്റെ പക്കൽ നിന്നും വലത് അടിച്ചെടുത്തു. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കില്ലെന്ന് തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പ്പോലും ഉൾപ്പെടുത്തി വോട്ടുനേട്ടത്തിന് കാത്തിരുന്ന സി.പി.എമ്മിന് അത് ചെറിയ ക്ഷീണമുണ്ടാക്കിയിട്ടുണ്ട്. കരട് വിജ്ഞാപനം ഇറങ്ങിയെങ്കിലും നവംബർ 13ലെ ഉത്തരവ് അന്തിമ വിജ്ഞാപനം വരുന്നതുവരെ നിലനിൽക്കും എന്ന് കേന്ദ്രം അറിയച്ചതാണ് ഇപ്പോൾ അവരുടെ കൈയിലുള്ള തുറുപ്പുചീട്ട്. പ്രത്യേക പരിഗണന നൽകി കേരളത്തിന്റെ ഇ.എസ്.എ പരിധിയിൽ ഇളവുകൾ അനുവദിച്ചതോടെ നവംബർ 13ലെ ഉത്തരവിൽ പറഞ്ഞിരുന്ന നിയന്ത്രണങ്ങൾ (ഖനനം പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുക, 20,000 ചതുരശ്ര മീറ്ററിൽ അധികമുള്ള കെട്ടിടങ്ങൾ പാടില്ല, 50 ഹെക്ടറിൽ അധികമുള്ള ടൗൺഷിപ്പ് പാടില്ല, ചുവപ്പ് കാറ്റഗറി വ്യവസായങ്ങൾ പാടില്ല, താപവൈദ്യുത നിലയങ്ങൾ അനുവദിക്കില്ല) ഒന്നും തന്നെ കർഷക സംഘടനകളെ അത്ര പേടിപ്പിക്കുന്നില്ല. ആ ഉത്തരവ് നിലനിന്നാലും ഇല്ലെങ്കിലും പ്രശ്ന

മില്ലാതെയായി. എന്നിരുന്നാലും മെയ് മാസം അന്തിമവിജ്ഞാപനം വരുന്നതു വരെ സന്ദേഹങ്ങൾ ഉറപ്പായും നിലനിൽക്കും.

എന്നാൽ ഏപ്രിൽ 10ന് കേരളത്തിലെ തെരഞ്ഞെടുപ്പ് കഴിയുന്നതോടെ രാഷ്ട്രീയ പാർട്ടികളുടെ താത്പര്യം ഏതാണ്ട് അവസാനിക്കും. അന്തിമവിജ്ഞാപനം വരുമ്പോൾ ഇത്രയധികം ചർച്ചകളുണ്ടാകുമോ എന്ന് കണ്ടറിയണം. അന്തിമ വിജ്ഞാപനം വന്നശേഷം ആക്ഷേപങ്ങൾ പരിഗണിച്ചാൽ പോരേ എന്ന നിലപാട് ദേശീയ ഹരിത ട്രിബ്യൂണലും എടുത്തതോടെ തത്കാലം വിവാദങ്ങളോട് വിടപറയേണ്ട സ്ഥിതിയിലാണ് അഭ്യൂഹകച്ചവടക്കാരുള്ളത്.

**പരാതിയുണ്ടോ? ഒഴിവാക്കിത്തരാം...**

ഇ.എസ്.എ അതിർത്തികൾ പുനർനിർണ്ണയിച്ചുകൊണ്ട് മലയോര കർഷക സമൂഹത്തെ രക്ഷിച്ചതിന്റെ ആഹ്ലാദത്തിലാണ് കേരള സർക്കാർ. ഇ.എസ്.എ പുനർനിർണ്ണയത്തിനായി കേരളം അവലംബിച്ച രീതിയും ഇ.എസ്.എ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട പ്രദേശങ്ങളും പരിശോധിച്ചാൽ രാഷ്ട്രീയകളികൾ അതിന്റെ പിന്നിൽ നടന്നിട്ടുണ്ട് എന്നുതന്നെയാണ് വ്യക്തമാകുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷരായ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളെയായിരുന്നു ഇ.എസ്.എ അതിർത്തി പുനർനിർണ്ണയത്തിനുള്ള ചുമതല കേരള സർക്കാർ ഏൽപ്പിച്ചിരുന്നത്. ഇവരുടെ നിർദ്ദേശങ്ങളും ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി ശുപാർശകളും വില്ലേജ് ഓഫീസിലുള്ള സർവ്വേനമ്പർ അടിസ്ഥാനമാക്കിയുള്ള കഡസ്ട്രൽ മാപ്പും സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന്റെ ഭൂവിനിയോഗ ഭൂപടവും ഉപയോഗപ്പെടുത്തിയാണ് ഇ.എസ്.എ പുനർനിർണ്ണയിച്ചത് എന്നാണ് സർക്കാർ പറയുന്നത്. കർഷക സംഘടനകൾക്ക് തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന ഇടുക്കി, കോട്ടയം ജില്ലകളിലെ ഇ.എസ്.എകളിലാണ് വലിയ രീതിയിലുള്ള മാറ്റം വന്നിട്ടുള്ളത്. പഴയ ഇ.എസ്.എയിൽ ഇവിടെ നിന്നുണ്ടായിരുന്ന ബഹുഭൂരിപക്ഷം പ്രദേശങ്ങളും പുതിയ മാപ്പിൽ ഒഴിവാക്കിയതായാണ് കാണുന്നത്. പാരിസ്ഥിതിക പ്രാധാന്യമുള്ള മതികെട്ടാൻചോല ഇ.എസ്.എയ്ക്ക് പുറത്തായി. വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത നിന്ത്രണത്തിലുള്ള ഏലമലക്കാടുകൾ (സി.എച്ച്.ആർ) ചില സ്ഥലങ്ങളിൽ തോട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തി കൃഷിഭൂമിയായി മാപ്പിൽ കാണിച്ചിട്ടുണ്ട്. വനം സ്റ്റാറ്റസിലുള്ള ഏലമലക്കാടുകളുടെ ചില ഭാഗങ്ങൾ ഇ.എസ്.എ പരിധിയിൽ നിന്നും ഒഴിവായത് സമ്മർദ്ദഫലമാണോ എന്ന് തീർച്ചയായും സംശയിക്കേണ്ടതുണ്ട്. ഏലമലക്കാടുകൾ വനമാണെന്നും ഇതിന്റെ നടത്തിപ്പിന് 1980ലെ വനസംരക്ഷണ നിയമപ്രകാരമുള്ള പ്രവർത്തനപദ്ധതി നടപ്പാക്കണമെന്നും 2005ൽ സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ മേഖലയിൽ 1980 ഒക്ടോബർ 25ന് ശേഷം കേന്ദ്രാനുമതിയില്ലാതെ നടന്ന എല്ലാ പാട്ടം, പട്ടയം നൽകലുകളും പാട്ടം പുതുക്കലും വസ്തു വിൽപ്പനയും കൈമാറ്റവും റദ്ദാക്കണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ സ്വാധീനശേഷിയുള്ളവർ നിയമങ്ങളെല്ലാം അട്ടിമറിച്ച് വൻതോതിൽ കൈയേറിയിട്ടുള്ള പ്രദേശമാണ് ഏലമലക്കാടുകൾ. അതിലെ ചില ഭാഗങ്ങൾ ഇ.എസ്.എ പരിധിയിൽ നിന്നും ഒഴിവാക്കി, കൃഷി ഭൂമിയായി കാണിച്ചത് എന്തുകൊണ്ടാണെന്ന് വിശദമായ അന്വേഷണം നടത്തേണ്ട കാര്യമാണ്. ഇടുക്കിയിലെ പ്രധാന ടൗണുകളായ നെടുങ്കണ്ടം, മൂന്നാർ, അടിമാലി, പീരുമേട്, വണ്ടിപ്പെരിയാർ, മൂലമറ്റം തുടങ്ങിയ സ്ഥലങ്ങൾ പുതിയ ഇ.എസ്.എ പരിധിയിൽ നിന്നും ഒഴിവായിട്ടുണ്ട്. എന്നാൽ കർഷകരോഷം വോട്ടിനെ സ്വാധീനിക്കാത്ത സ്ഥലങ്ങളിൽ ഇ.എസ്.എയിൽ കാര്യമായ മാറ്റം വന്നിട്ടില്ല എന്നും മാപ്പുകൾ വ്യക്തമാക്കുന്നു. ചുരുക്കത്തിൽ മലയോര കർഷക സംഘടനകളുടെയും അവരെ പിന്തുണയ്ക്കുന്ന സഭാമേലാളന്മാരുടെയും രോഷത്തെ തണുപ്പിക്കുന്നതിനായി തെരഞ്ഞെടുപ്പ് കാലത്ത് സർക്കാർ നടത്തിയ സമർത്ഥമായ രാഷ്ട്രീയ വ്യായാമമായി കേരളത്തിന്റെ ഇ.എസ്.എ പുനർനിർണ്ണയം മാറി എന്നുതന്നെ വിലയിരുത്താം.

അങ്ങനെ പശ്ചിമഘട്ട സംരക്ഷണം എന്ന വിവാദ നാടകം ഗാഡ്ഗിൽ റിപ്പോർട്ടിനാൽ തയ്യാറാക്കപ്പെട്ട്, കസ്തൂരിരംഗനാൽ തിരക്കഥ മാറ്റെയെഴുതി, തെരഞ്ഞെടുപ്പ് രംഗത്തിൽ ഒരു ചാവേർപടയാളിയുടെ വേഷമിട്ട് ക്ലൈമാക്സിൽ വീരുമൃത്യുവരിച്ചിരിക്കുകയാണ്. കത്തിയെരിച്ചുകളഞ്ഞ നാലായിരം ഹെക്ടർ കാടാണ് പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനായി നടത്തിയ ഈ കോലാഹലങ്ങളുടെ ബാക്കിപത്രം എന്നത് ഹൃദയഭേദകം തന്നെ. അജ്ഞതയുള്ളവർ ബോധ്യത്തിലേക്കെത്താൻ പിന്നെയും സാധ്യതയുണ്ട്, എന്നാൽ അജ്ഞത നടിക്കുന്നവരെ എന്തു ചെയ്യും? ■